പതിമൂന്നാം കേരളനിയമസഭ

എട്ടാം സമ്മേളനം

നക്ഷ്ത്രചിഹ്നമിടാത്ത ചോദ്യം : 390 19.03.2013 ൽ മറുപടിയ്ക്ക്

# സൗരോർജ്ജ വൈദ്യുതോത്പാദന യൂണിറ്റുകൾ നിർബന്ധിതമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) വൈദ്യുതിയുടെ അനിയന്ത്രിതമായ ഉപയോഗം തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണു നടപ്പിലാക്കിയിട്ടുള്ളത് ; | (എ) വൈദ്യുതിയുടെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കുന്നതിനായി വിവിധ ഊർജ്ജ സംരക്ഷണ പ്രചാരണ പരിപാടികൾ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ മുഖാന്തിരവും, മഹിളാ പ്രധാൻ, എസ്.എ.എസ് ഏജന്റുമാർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തിയും ദൃശ്യ - ശ്രവ്യ മാധ്യമങ്ങളിലൂടെയും നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ പ്രതിമാസം 500 യൂണിറ്റിൽ കൂടുതൽ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്കും, 20 KW ൽ കൂടുതൽ കണക്ടഡ് ലോഡുള്ള വ്യാവസായിക ഉപഭോക്താക്കൾക്കും ടി.ഒ.ഡി താരിഫ് സമ്പ്രദായം 01.01.2013 മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) സൗരോർജ്ജ വൈദ്യുതോത്പാദന യൂണിറ്റുകൾ ഗാർഹികാടിസ്ഥാനത്തിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) സൗരോർജ്ജ വൈദ്യുതോൽപ്പാദന യൂണിറ്റുകൾ ഗാർഹികാടിസ്ഥാനത്തിൽ ലഭ്യമാക്കാനായി അനെർട്ടിന്റെ ആഭിമുഖ്യത്തിൽ 10,000 റൂഫ് ടോപ്പ് പദ്ധതി നടപ്പാക്കി വരുന്നു. |

| | |
|---|---|
| (സി) സൗരോർജ്ജ വൈദ്യുതപദ്ധതികളുടെ പ്രധാന ന്യൂനത ചെലവേറിയ സർവ്വീസിങ്ങാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) എങ്കിൽ, ആയതു പരിഹരിക്കുവാൻ കെ.എസ്.ഇ.ബി. നേരിട്ട് സർവ്വീസും ഗ്യാരന്റിയും നൽകി പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) യും (ഇ) യും ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) പുതിയ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുന്നതിന് സൗരോർജ്ജ വൈദ്യുതോത്പാദന യൂണിറ്റുകൾ നിർബന്ധിതമാക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നത് പരിഗണനയിലുണ്ടോ ? | |

(signature)

**സെക്ഷൻ ഓഫീസർ**